**അനുബന്ധം-2**

<u>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ബഹു.ആരോഗ്യ -വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

സംസ്ഥാനത്ത് കടകളിലുംമറ്റും വിൽക്കുന്ന ജ്യൂസുകളുടെ പരിശോധനകളുടെ ഭാഗമായി 1918 പരിശോധനകൾ നടത്തി മതിയായ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്പിക്കുകയും 75 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും പഴകിയ 1008 ലിറ്റർ പാലും കേടായ പഴവർഗ്ഗങ്ങൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

RUCO (Repurpose Used Cooking Oil) സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 96 ലിറ്റർ ഉപയോഗിച്ച എണ്ണ നശിപ്പിക്കുകയും ചെയ്തു.

ഭക്ഷണശാലകൾക്ക് ഹൈജീൻ റേറ്റിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 527 ഭക്ഷണശാലകളെ മാനദണ്ഡമനുസരിച്ച് റേറ്റ് ചെയ്തിട്ടുണ്ട്. ഇവയുടെ റേറ്റിംഗ് കാറ്റഗറിയും പേരുവിവരങ്ങളും ജില്ല തിരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽപ്പെടാത്ത ഭക്ഷണശാലകൾ, നിർദ്ദിഷ്ട നിലവാരം

പുലർത്തുന്നില്ല എന്നാണർത്ഥം. ജനങ്ങൾക്ക് ഇന്ററാക്ട് ചെയ്യാൻ കഴിയുന്ന മൊബൈൽ ആപ്പും തയ്യാറാവുകയാണ്.

ലൈസൻസും ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷ കാലയളവിൽ 51313 സ്ഥാപനങ്ങൾ പരിശോധിക്കുകയും 10512 സാമ്പിളുകൾ ശേഖരിക്കുകയും 6646 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 1,00,71,250 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലുള്ള സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിലായി ആകെ ഒഴിഞ്ഞുകിടക്കുന്ന 39 ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാനുള്ള അഡ്വൈസ് മെമ്മോ ലഭ്യമാകുന്നമുറയ്ക്ക് മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതാണ്.

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ അനലിറ്റിക്കൽ

ലാബുകളും അതുകൂടാതെ പത്തനംതിട്ട ജില്ലയിൽ ജില്ലാ ഭക്ഷ്യ പരിശോധനാ ലാബും കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് വലിയ വെളിച്ചം എന്ന സ്ഥലത്ത് റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതിനായി സർക്കാർ സ്ഥലം അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതുമാണ്. ആധുനിക ലാബാണ് അവിടെ സജ്ജമാക്കുന്നത്.

ഭക്ഷ്യ വിഷബാധ പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺട്രാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് നമ്മുടെ എല്ലാ ഭക്ഷണശാലകളിലും പ്രദർശിപ്പിക്കേണ്ടതാണ്. ഈ നമ്പറിൽ കൂടാതെ പൊതുജനങ്ങൾക്ക് നേരിട്ട്

പരാതി നൽകുന്നതിനുള്ള Grievance Portal, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിലും സജ്ജമാക്കുന്നുമുണ്ട്.